# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3434 — 15.07.2015-ൽ മറുപടിക്ക്

## തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ അവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനമുള്ള പ്രധാന ഓപ്പറേഷൻ തീയേറ്റർ, ലിഫ്റ്റ് എന്നിവ പ്രവർത്തനക്ഷമമല്ലെന്നും, രോഗികളെ മുകളിലെ നിലയിലെത്തിക്കാൻ റാംബും രോഗികൾക്ക് നൽകാനായി മരുന്നും ഇല്ലെന്നുമുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കാമോ ; | (ബി) ടി ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേയ്ക്കായി പൊതുമരാമത്ത് (കെട്ടിട) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിയും ഫണ്ടും നൽകുകയുണ്ടായി. ടെണ്ടർ നടപടികൾ പൂർത്തിയായതായി എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ അറിയിച്ചിട്ടുണ്ട്. ലിഫ്റ്റുകൾ രണ്ടും പ്രവർത്തനക്ഷമമാണ്. പുതുതായി നിർമ്മാണം തുടങ്ങുന്ന 10 കോടി രൂപയുടെ മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്ത് ബ്ലോക്കിൽ റാമ്പ് ഉൾപ്പെടുത്തി പഴയ കെട്ടിടവുമായി ബന്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാകുന്ന മരുന്നുകൾക്ക് പുറമെ ജെ.എസ്.എസ്.കെ, ആരോഗ്യകിരണം, ആർ.എസ്.ബി.വൈ, ആർ.ബി.എസ്.കെ പദ്ധതികളുടെ ഫണ്ട് ഉപയോഗിച്ച് മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. |

(.....2)

| | | | |
|---|---|---|---|
| (സി) | ആശുപത്രി സൂപ്രണ്ട്, നഴ്സിംഗ് അസിസ്റ്റന്റ്, അറ്റൻഡർ എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്താൻ എന്ത് നടപടി സ്വീകരിച്ചു ; വെളിപ്പെടുത്താമോ ; | (സി) | ആശുപത്രി സൂപ്രണ്ടിന്റെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. നഴ്സിംഗ് അസിസ്റ്റന്റ് , അറ്റൻഡർ ഒഴിവുകൾ നികത്തുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ആശുപത്രി കാന്റീൻ പ്രവർത്തനക്ഷമമല്ലാത്തതിനാലും കാന്റീനിൽ നിന്നും പുറത്തേക്ക് ഒറ്റ വാതിൽ മാത്രമേയുള്ളൂ എന്നതിനാലും ജീവനക്കാരും രോഗികളും കഷ്ടപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) | ദേശീയ ആരോഗ്യ പദ്ധതി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ക്യാന്റീൻ കെട്ടിടത്തിന്റെ പ്രധാന വാതിലിനുപുറമെ അടുക്കള ഭാഗത്ത് ഒരു വാതിലും കൂടിയുണ്ട്. അടുത്ത ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി യോഗത്തിൽ ക്യാന്റീൻ നടത്തിപ്പ് സംബന്ധിച്ച് ചർച്ച ചെയ്ത് അതിൻപ്രകാരം പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ